പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6281 | 08.07.2014 ൽ മറുപടിക്ക്

## വനിതാസംരക്ഷണ കമ്മിറ്റികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, എ.റ്റി. ജോർജ്<br>,, ജോസഫ് വാഴക്കൻ<br>,, പാലോട് രവി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

(എ) ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെ സുരക്ഷയ്ക്കായി വനിതാസംരക്ഷണകമ്മിറ്റികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കമ്മിറ്റികളുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) ആരെയെല്ലാമാണ് കമ്മിറ്റികളുടെ പ്രവർത്തനവുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ;വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടു ണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(എ) മുതൽ (ഡി) വരെ: സ്ത്രീകളുടെ സുരക്ഷയ്ക്കായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ 'നിർഭയകേരളം സുരക്ഷിത കേരളം' പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി വനിതാവോളണ്ടിയർമാരെ തെരഞ്ഞെടുത്തുകൊണ്ടിരിക്കുന്നു. അതിനായി അഡീഷണൽ ഡയറക്ടർ ഓഫ് പോലീസിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് നേതൃത്വം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ